# ACADEMIC MASTER PLAN 2025-26



# Sapientia

## GOVT. HIGHER SECONDARY SCHOOL KUTTIADI

# ഉളളടക്കം

ആമുഖം
വിദ്യാലയത്തെ അറിയാം
അക്കാദമികം - നേട്ടങ്ങൾ -പരിമിതികൾ
അക്കാദമികേതര നേട്ടങ്ങൾ
ഭൗതിക നേട്ടങ്ങൾ
അക്കാദമിക മാസ്റ്റർ പ്ലാൻ- മലയാളം
അക്കാദമിക മാസ്റ്റർ പ്ലാൻ- അറബി
അക്കാദമിക മാസ്റ്റർ പ്ലാൻ- ഉറുദു
അക്കാദമിക മാസ്റ്റർ പ്ലാൻ- ഇംഗ്ലീഷ്
അക്കാദമിക മാസ്റ്റർ പ്ലാൻ- ഹിന്ദി
അക്കാദമിക മാസ്റ്റർ പ്ലാൻ- സോഷ്യൽ സയൻസ്
അക്കാദമിക മാസ്റ്റർ പ്ലാൻ- ബയോളജി
അക്കാദമിക മാസ്റ്റർ പ്ലാൻ- ഗണിതം
അക്കാദമിക മാസ്റ്റർ പ്ലാൻ- ഇൻഫർമേഷൻ ടെക്നോളജി
അക്കാദമിക മാസ്റ്റർ പ്ലാൻ- ഹെൽത്ത് ആന്റ് ഫിസിക്കൽ എജ്യുക്കേഷൻ
അക്കാദമിക മാസ്റ്റർ പ്ലാൻ- വർക് അന്റ് ഇന്റർഗ്രേറ്റട് എജ്യുക്കേഷൻ
സമഗ്ര വിദ്യാഭ്യാസ ഗുണമേൻമ പദ്ധതി
അർടികൈലൈറ്റ്



# ആമുഖം

വിദ്യാഭ്യാസമാണ് ലോകത്തെ മാറ്റുവാനുള്ള ഏറ്റവും ശക്തമായ ആയുധം. 1975-ൽ വളരെ പരിമിതമായ സാഹചര്യത്തിൽ സ്ഥാപിതമായ ഏകാധ്യാപക വിദ്യാലയത്തിൽ നിന്ന്, രണ്ടായിരത്തോളം വിദ്യാർത്ഥികൾ പഠിക്കുന്ന, മികവിന്റെ കേന്ദ്രമായ കുറ്റ്യാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എന്ന പൊതുവിദ്യാലയത്തിന്റെ വളർച്ച, ഈ നാടിന്റെ വികസന ചരിത്രത്തിന്റെ അഭിമാനകരമായ ഒരേടാണ്. സുവർണ ജൂബിലി നിറവിലുള്ള ഈ സ്കൂളിന്റെ നേട്ടങ്ങൾ തുടർച്ചയായ 100% വിജയത്തിൽ ഒതുങ്ങുന്നല്ല.

ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളുടെ സമഗ്രമായ ആസൂത്രണത്തിന് അധ്യാപകരുടെയും, പി.ടി.എ, SMC തുടങ്ങിയ ഏജൻസികളുടെയും മികച്ച പിന്തുണ ലഭിക്കാറുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി, സമഗ്ര ഗുണമേൻമയെന്ന പ്രഖ്യാപിത ലക്ഷ്യത്തിനനുസൃതമായാണ് **Sapientia** എന്ന ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. പാഠ്യ പാഠ്യേതര വിഷയങ്ങളിൽ പുതിയ നേട്ടങ്ങൾ കരസ്ഥമാക്കാനുള്ള ചിട്ടയായ പ്രവർത്തനങ്ങൾ ഓരോ വിഷയത്തിലും ആസൂത്രണം ചെയ്തിട്ടുണ്ട്.

മാറിയ കാലത്തിന്റെ വെല്ലുവിളികൾ ഫലപ്രദമായി നേരിടുവാൻ, വിവിധങ്ങളായ നൈപുണികൾ ആർജിച്ച്, നൻമയുള്ള പൗരൻമാരായി ഓരോ കുട്ടിക്കും ആത്മവിശ്വാസത്തോടെ വളരുവാനുള്ള സാഹര്യമാണ് ഈ വിദ്യാലയം വിഭാവനം ചെയ്യുന്നത്.





## വിദ്യാലയത്തെ അറിയാം

| | | |
|---|---|---|
| 1. പേര് | : | ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കുറ്റ്യാടി |
| 2. റവന്യൂ ജില്ല | : | കോഴിക്കോട് |
| 3. സ്കൂൾ കോഡ് | : | 16068 |
| 4. മേൽവിലാസം | : | കുറ്റ്യാടി (പി.ഒ) കോഴിക്കോട് |
| 5. പിൻകോഡ് | : | 67508 |
| 6. ഫോൺ നമ്പർ | : | |
| 7.ഇ.മെയിൽ അഡ്രസ് | : | vadakara16068@gmail.com |
| 8.ഗ്രാമപഞ്ചായത്ത് | : | കുറ്റ്യാടി |
| 9.വിദ്യാഭ്യാസ ജില്ല | : | വടകര |
| 10.ഉപജില്ല | : | കുന്നുമ്മൽ |
| 11.ബി.ആർ.സി | : | കുന്നുമ്മൽ |
| 12.ക്ലാസുകൾ | : | 8 മുതൽ 12 വരെ |
| 13. പഠനമാധ്യം | : | മലയാളം ,ഇംഗ്ലീഷ് |
| 14.സ്കൂൾ അതോറിറ്റി | : | സർക്കാർ |
| 15.പ്രഥമ ഭാഷ | : | മലയാളം, അറബിക്, സംസ്കൃതം, ഉറുദു |
| 16.ആകെ അധ്യാപകർ | : | 78 |
| 17.ആകെ കുട്ടികളുടെ എണ്ണം | : | 1940 |



**ഇന്നലെ...**

വിദ്യാതൽപ്പരരായ ഒരു കൂട്ടം പ്രതിഭാധനർ രൂപികരിച്ച സ്പോൺസറിംഗ് കമ്മറ്റിയുടെ അക്ഷീണമായ പ്രവർത്തനങ്ങളാണ് കുറ്റ്യാടി ഗവ. ഹൈസ്കൂൾ യാഥാർത്ഥ്യ മാക്കുന്നത്തതിന് പിന്നിലെ കരുത്ത്. അങ്ങനെ 1975 ആഗസ്ത് 13-ാം തിയ്യതി ചൊവ്വാഴ്ച 108 വിദ്യാർത്ഥികളും ബാലൻമാസ്റ്റർ എന്ന ഏകാധ്യാപകനുമായി സ്കൂളിന്റെ പ്രവർത്തനം ആരംഭിച്ചു . തുടർന്ന് പ്രഥമാധ്യപകനായി ശ്രീ. മുത്തുകുമാരപ്പിള്ളയും മറ്റു സഹാധ്യപകരും സേവന സന്നദ്ധരായെത്തി. 1977 ൽ ആദ്യ എസ്.എസ്.എൽ.സി ബാച്ച് 58% വിജയം കരസ്ഥമാക്കി

**ഇന്ന്...**

വടകര വിദ്യാഭ്യാസ ജില്ലയിലെ വിദ്യാലയങ്ങളോടൊപ്പം എല്ലാ സർക്കാർ മാനദണ്ഡങ്ങളും പരിപൂർണ്ണമായി പാലിച്ചു കൊണ്ട് 100 % വിജയം ഉറപ്പാക്കി മലയാളം, ഇംഗ്ലീഷ് മാധ്യമവും മലയാളം അറബി, സംസ്കൃതം, ഉറുദു ഭാഷാപഠനവും വിദ്യാത്ഥികൾക്ക് നൽകി വരുന്നു.

കലാകായിക പ്രവൃത്തി പരിചയ-ശാസ്ത്രമേളകളിലും റോൾപ്ലേ, ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലും കുറ്റ്യാടി ഗവ.ഹൈസ്കൂൾ വിദ്യാർത്ഥികൾ മുന്നിൽ നിന്ന് മാതൃക കാട്ടാറുണ്ട്

**നാളെ...**

നിർമിത ബുദ്ധിയുടെ ഗ്രാക്ക് 3 യുഗത്തിലെത്തി നിൽക്കുന്ന വിജ്ഞാന യാത്രയിൽ അണിചേരാൻ സജ്ജരായ തൊണ്ടിപ്പൊയിൽ ദേശത്തു നിന്നും കുറ്റ്യാടിയിലേക് ആനയിക്കപ്പെട്ടവരുടെ പുതുതലമുറ വിദ്യാർത്ഥികൾക്ക് നേർവഴികാട്ടാൻ ഈ വിദ്യാലയം എന്നും പ്രതിജ്ഞാബന്ധമാണ്.



## അക്കാദമിക നേട്ടങ്ങൾ

1. വർഷങ്ങളായി 600 ൽ പരം വിദ്യാർത്ഥികളെ പൊതു പരീക്ഷ എഴുതിച്ച് ഉന്നത വിജയം കരസ്ഥമാക്കുന്നു
2. മുൻവർഷങ്ങളിൽ തുടർച്ചയായി 100 % വിജയവും 100 ൽപരം A+ നേട്ടങ്ങളും
3. NMMSE പരീക്ഷകളിൽ ഓരോ വർഷവും നിരവധി വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹരാവുന്നു. ചിട്ടയായ പരിശീലനവും രക്ഷാകർതൃയോഗങ്ങളും ഈ വിജയങ്ങൾക്ക് ചാലകശക്തിയാവുന്നു
4. നിരവധി മത്സരപ്പരീക്ഷകളിലും, ക്വിസ് മത്സരങ്ങളിലും ശ്രദ്ധേയമായ പങ്കാളിത്തവും വിജയവും ഈ സ്കൂളിന്റെ മികവുകളാണ് .
5. വിദ്യാത്ഥികൾക്കുള്ള ശില്പശാലകൾ, രക്ഷാകർതൃശാക്തികരണ പദ്ധതികൾ.
6. പി.ടി.എ., എസ്.എം.സ്., എസ്.എസ്.ജി., എസ്.പി.ജി.എം. പി.ടി.എ തുടങ്ങിയവരുടെ ശാസ്ത്രീയമായ ഇടപെടലുകളും പിന്തുണയും സ്കൂളിന്റെ പുരോഗതിയുടെ നാഴികക്കല്ലുകളാണ്
7. VIP, ഇൻസ്പയർ അവാർഡ് എന്നിവയിൽ ജില്ലാതലത്തിലും സംസ്ഥാന തലത്തിലും അനുപമ സാനിധ്യം
8. കായികരംഗത്ത് സംസ്ഥാന തലത്തിലും ദേശിയ തലത്തിലും ഗെയിംസ് ഇനങ്ങളിൽ തിളക്കമാർന്ന മികവുകൾ
9. വിവിധ മത്സര പരീക്ഷകളിൽ ഉന്നത വിജയം നേടി ഉന്നത തൊഴിൽ മേഖലകളിൽ എത്തിച്ചേർന്ന പൂർവ്വ വിദ്യാർത്ഥികളാൽ സമ്പന്നം.

## അക്കാദമികം - പരിമിതികൾ

1. ഭാഷ, ഗണിതം എന്നീ മേഖലകളിലെ അടിസ്ഥാന ശേഷികളുടെ അനുഭാവം പഠന പിന്നോക്കാവസ്ഥ അനുഭവിക്കുന്നവർക്കിട യിൽ കണ്ടുവരുന്നു.
2. ICT സംവിധാനങ്ങളുടെ അപര്യാപ്തത ക്ലാസ് വിനിമയ മികവിനെ ബാധിക്കുന്നു.
3. സയൻസ് ലാബ്, ഐടി.ലാബ്, ലൈബ്രറി ഇവയുടെ പരിമിതികൾ അക്കാദമിക നേട്ടത്തിന് വെല്ലുവിളിയാണ്.
4. രക്ഷാകർതൃ സമിതികളുടെ അക്കാദമിക ഇടപെടലുകളിലെ അപര്യാപ്തത.
5. അധ്യാപക ശാക്തികരണത്തിന്റെ കാലോചിതമായ പരിഷ്കരണ ത്തിന്റെ അഭാവം



## അക്കാദമികേതര നേട്ടങ്ങൾ

1. SPC, SCOUT, GUIDE,JRC,LITTLE KITE, തുടങ്ങിയ യൂണിറ്റുകളുടെ ചിട്ടയായ പരിശീലനങ്ങളും തനത് പ്രവർത്തനങ്ങളും
2. കലാകായിക പ്രവൃത്തി പരിചയ ശാസ്ത്ര മേളകളിലുള്ള സജീവ പങ്കാളിത്തവും സംസ്ഥാനതലം വരെയുള്ള മികവാർന്ന നേട്ടങ്ങളും.
3. നാഷണൽ റോൾ പ്ലേ മത്സരത്തിൽ തുടർച്ചയായി പത്ത് വർഷങ്ങളായി സംസ്ഥാന ദേശിയ തലങ്ങളിലുള്ള പങ്കാളിത്തവും വിജയവും.
4. തനത് പദ്ധതികളായ '' WE WIN '' ഇടം മുതലായ വേദികളിലൂടെ കുട്ടികളുടെ സർഗ്ഗശേഷികളെ പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ.
5. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ നടക്കുന്ന സ്കൂൾ തല പ്രവർത്തനങ്ങളും സാമൂഹിക ഇടപെടലുകളും - ഉദാഹരണം - ഫ്ലാഷ് മോബ്, തെരുവ് നാടകങ്ങൾ, റാലികൾ, സർവ്വേകൾ തുടങ്ങിയവ.
6. അറിവിന്റെ ചക്രവാളം വികസിപ്പിക്കുന്ന പഠനയാത്രകൾ വിദഗ്ധരുമായുള്ള അഭിമുഖങ്ങൾ
7. വിവിധ ഏജൻസികൾ നടത്തിവരുന്ന പ്രസംഗം മത്സരങ്ങൾ, പ്രബന്ധരചന, ബാലപാർലമെന്റ്, തുടങ്ങിയവയിൽ വിദ്യാത്ഥികളുടെ ശ്രദ്ധേയമായ നേട്ടങ്ങൾ.



# ഭൗതിക നേട്ടങ്ങൾ

നല്ലവരായ നാട്ടുകാരുടെ ശ്രമഫലമായി പടത്തുയർത്തിയ മൂന്ന് മുറി കെട്ടിടത്തിൽ നിന്നും ഘട്ടം ഘട്ടമായി കുറ്റ്യാടി ഗവ.ഹയർ സെക്കൻററി സ്ക്കൂളിന് വളർച്ച സാധ്യമായി. കേവലം 108 കുട്ടികൾ തീർത്ത ശക്തമായ അടിത്തറയിൽ നിന്ന് 2000 ഓളം പേരുടെ കെട്ടുറപ്പോടെ പഞ്ചിമഘട്ടത്തിനഭിമുഖമായി തലയുർത്തി നില കൊള്ളാൻ സ്കൂളിന് കഴിയുന്നു.

ഓടു പാകിയ കെട്ടിടങ്ങളോടൊപ്പം ഓലപ്പുരകളിൽ അധ്യയനം സാധ്യമാക്കിയിരുന്നെങ്കിലും വാർഷിക ഓല മേയൽ പ്രക്രിയ ഏറെ കഠിനമായിരുന്നു . അവിടെയും വിദ്യാമഹത്വം തിരിച്ചറിഞ്ഞവരുടെ ഇടപെടൽ ഉണ്ടായി. ബഹു. ജില്ലാ പഞ്ചായത്തിന്റെയും ജനപ്രതിനിധികളുടെയും സർക്കാർ - പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ആർജവത്തോടെ ഇന്ന് സുവർണ്ണ ജൂബിലി തിളക്കത്തിലാണ് നമ്മുടെ കലാലയം (1974-2024)

**ഇപ്പോൾ :-**

1. ഉറപ്പുള്ള ആറ് ബഹുനില മന്ദിരങ്ങൾ
2. ഇരുനില കെട്ടിടങ്ങൾ - അഞ്ച്
3. ബഹുനില മന്ദിരം - ഒന്ന്
4. ആധുനിക മന്ദിരം - ഒന്ന്
5. ആധുനിക കിച്ചൺ - കം- ഡയനിംങ്
6. ലൈബ്രററി
7. ഐ.ടി. ലാബ്
8. ശൗചാലയങ്ങൾ
9. ഓപ്പൺ സ്റ്റേജ്
10. ശബ്ദ സംവിധാനം ഉറപ്പാക്കിയിട്ടുള്ള ഓഡിറ്റോറിയം
11. ബാന്റ് ട്രൂപ്പ്
12. ഷീ റൂം
13. ഉൾച്ചേർന്ന വിദ്യാഭ്യാസം-



കൂടുതൽ കുട്ടികളെ ഉൾപ്പെടുത്താനായി കരിങ്കല്ലിന്റെ കെട്ടുറപ്പോടെ ദീർഘ ചതുരാകൃതിയിൽ കിഴക്കു ദർശനത്തിൽ പണികഴിപ്പിച്ച പ്രധാന കെട്ടിടം സ്കൂളിന്റെ ആദ്യ വളർച്ചയെ സൂചിപ്പിച്ചു കൊണ്ട് നിലനിൽക്കുന്നു.

കേരളപ്പിറവിയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ലഭിച്ച ഇരുനില മന്ദിരത്തിൽ മുറികൾ പ്രവർത്തിച്ച് വരുന്നു.

നവ കേരള യജ്ഞത്തിന്റെ ഭാഗമായുള്ള പൊതു വിദ്യാഭ്യാസ സംരക്ഷണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി കിഫ്ബി ഫണ്ടിൽ നിന്നും പടുത്തുയർത്തിയ ബഹുനിലമന്ദിരം സ്കൂളിന്റെ മുഖഛായ മാറ്റി.

എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച തുക വിനിയോഗിച്ച് പണികഴിപ്പിച്ച ഇരുനില മന്ദിരം.

കാറ്റും വെളിച്ചവും ഉറപ്പാക്കി തൃപ്തികരമായി ഇരുന്ന് രുചികരമായ ഉച്ചഭക്ഷണം കുട്ടികൾക്ക് കഴിക്കാനായി ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് പണികഴിപ്പിച്ച അത്യാധുനിക കിച്ചൺ-കം-ഡയനിംഗ് ഹാൾ ഇവിടെയുണ്ട്.

1974 ലെ ഒന്നാം ബാച്ചിൽ പഠിച്ചിരുന്ന പൂർവ്വവിദ്യാഥികൾ ശരിയായ ജീവിതപുരോഗതിയുടെ ഔന്നത്യത്തിലെത്തിതിന്റെ നന്ദിയെന്നോണം സ്കൂളിനൊരു സ്കൂളിനൊരു പുതിയ സുവർണ്ണ ജൂബിലി പ്രവേശന കവാടം നിർമ്മിച്ചു നൽകി.



## കോട്ടങ്ങൾ

ഹയർ സെക്കണ്ടറി ഉൾപ്പെടെയുള്ള വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നതിനുസരിച്ചുള്ള സ്ഥല പരിമിതി മുതൽ കായിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനുള്ള കളിസ്ഥലത്തിന്റെ അഭാവം വരെ നീളുന്നതാണ് നമ്മുടെ കോട്ടങ്ങൾ കേവലം മൂന്ന് ഏക്കറിനുള്ളിൽ വീർപ്പുമുട്ടുന്ന തട്ടുകളായുള്ള ഭൂപ്രകൃതിയിലെ നിർമ്മിതികളാലുള്ള സ്വാഭാവിക അസൗകര്യം ഇവിടെയുണ്ട്

- അത്യാധുനിക സയൻസ് ലാബിന്റെ അഭാവം
- രണ്ട് ഐ.ടി ലാബുകളുടെ ആവിശ്യകത
- ഐ.ടി. അനുബന്ധ ഉപകരണങ്ങൾ
- ആധുനിക ലൈബ്രറി - റീഡിംങ് റൂം
- ഹെഡ്മാസ്റ്റർ ക്യാബിൻ - ഓഫീസ് റൂം
- ഇൻഡിനറേറ്ററുകൾ
- ലാഗ്വേജ് ലാബുകൾ
- ഭാഷാ പഠനം ഉറപ്പാക്കാനുള്ള ക്ലാസ് മുറികൾ
- ജൈവവൈവിധ ഉദ്യാനം -പച്ചക്കറിത്തോട്ടം
- ആധുനിക സാങ്കേതികത്തികലുള്ള ക്ലാസ്സുകൾ
- പൊതുവായ ശബ്ദ വിനിമയ സംവിധാനം
- ഫസ്റ്റ് എയ്ഡ് സംവിധാനങ്ങളുടെ അപര്യാപ്തത.

പരിമിതികളെ അതിജീനിച്ച് ഇച്ഛാശക്തിയോടെ നവലോക സ്പന്ദനത്തിന്റെ ഊർജ്ജവുമായി സ്കൂൾ വിജയപുരോഗതിയുടെ പാതയിലൂടെ മുന്നേറുകയാണ്.



| അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - മലയാളം | |
|---|---|
| പ്രവർത്തനം | കാലയളവ് |
| • വായന<br>• വായനക്കുറിപ്പ്<br>• മാഗസിൻ നിർമ്മാണം<br>• വായനദിനാചരണം<br>• വിദ്യാരംഗം യൂണിറ്റ് രൂപികരണം | ജൂൺ |
| • ബഷീർ ദിനാചരണം<br>• ബഷീർ അനുസമരണം<br>• സാഹിത്യ ക്വിസ്<br>• കഥാപാത്ര പരിചയം<br>• സെമിനാർ - ബഷീറിന്റെ ലോകം | ജൂലായ് |
| • സ്വാതന്ത്ര്യദിന പരിപാടികൾ<br>• പുസ്തകപരിചയം<br>• സ്റ്റാഫ് റൂം ലൈബ്രറി<br>• സിനിമ പ്രദർശനം<br>• ഡോക്യുമെന്ററി പരിചയം<br>• കർഷക ദിനം | ഓഗസ്റ്റ് |
| • അധ്യാപക ദിനം<br>• ഓണാഘോഷം<br>• വിദ്യാരംഗം സ്ക്കൂൾ തല സർഗ്ഗോത്സവം | സെപ്തംബർ |
| • ഗാന്ധി ജയന്തി ആഘോഷം<br>• വയലാർ അനുസ്മരണം<br>• കവിതാലാപനം<br>• വിദ്യാരംഗം പ്രതിഭാനിർണ്ണയ പരീക്ഷ | ഒക്ടോബർ |
| • കേരളപ്പിറവി ദിനോഘോഷം<br>• ശിശുദിനം<br>• പതിപ്പ് തയ്യാറാക്കൽ | നവംബർ |
| • സാഹിത്യ പഠനയാത്ര<br>• വൈലോപ്പിള്ളി ദിനം<br>• നാടകക്കളരി | ഡിസംബർ |
| • പുതുവർഷാഘോഷം<br>• കുമാരനാശാൻ- അനുസ്മരണം<br>• സംവാദം - 'ആശാന്റെ കാവ്യപ്രപഞ്ചം' | ജനുവരി |
| • മികവുത്സവം<br>• മാതൃഭാഷ ദിനം<br>• പി. ഭാസ്ക്കരൻ - അനുസ്മരണം<br>• ആവർത്തന പഠനം<br>• വിദ്യാരംഗം പ്രവർത്തന റിപ്പോർട്ട് വിശകലനം | ഫെബ്രുവരി |
| • പ്രവർത്തന റിപ്പോർട്ട് മാഗസിൻ മലയാളം | മാർച്ച് |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - അറബിക്

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം |
|---|---|---|
| അറബിക് നിഘണ്ടു പരിചയപ്പെടാം<br>هيا نفهم معجم العربية | നിഘണ്ടു പരിചയപ്പെടൽ | ജൂൺ- ആഗസ്ത് |
| | ക്രിയകൾ മനസ്സിലാക്കൽ | ജൂൺ - ആഗസത് |
| | എന്റെ നിഘണ്ടു | ജൂലൈ- ജനുവരി |

പ്രശ്നം : പദസമ്പത്തിന്റെ കുറവ്
ലക്ഷ്യം : പദസമ്പത്ത് വർദ്ധിക്കൽ, അറബിക് ഭാഷയെ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം |
|---|---|---|
| പദങ്ങളെ പരിചയപ്പെടാം | പദച്ചങ്ങല നിർമ്മാണം | ജൂലൈ - ജനുവരി |
| هيا نفهم الفاضل العربية | പദപയറ്റ് | ജൂലൈ |
| | പദകേളി | ജൂലൈ- ആഗസ്ത് |
| അറബിക് ക്ലബ്ബ്<br>نادي اللغة العربية | ക്ലബ്ബ് രൂപീകരണം | ജൂൺ 28 |
| | ക്ലബ്ബ് പ്രവർത്തന കലണ്ടർ | ജൂലൈ |
| | അന്നശൂത്വീ<br>അറബിക് സ്കോളർഷിപ്പ്<br>പരീക്ഷ | ആഗസ്ത് - സെപ്തംപർ |
| വായിക്കാം വളരാം<br>هيا نقرأ | നിലാവര പഠനം | ജൂൺ 12-25 |
| | വിശകലനം | ജൂൺ 30 |
| | വായന സാമിഗ്രികൾ<br>ശേഖരിക്കൽ (കാർഡ്,<br>പുസ്തകങ്ങൾ എന്നിവ | ജൂലൈ - 15 |
| | തുടർ വായന | ജൂലൈ 15 - ജനുവരി 15 |
| | ആശയ വിവരണം | ആഴ്ചയിൽ |
| | വായന ഫെസ്റ്റ് | ജനുവരി 1-10 |

പ്രശ്നം : സ്വതന്ത്ര ആശയ വിനിമയത്തിന് പ്രയാസം നേരിടുന്നത്
ലക്ഷ്യം : ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം |
|---|---|---|
| അറബിയിൽ സംസാരിക്കാം | മെറ്റീരിയൽ ശേഖരിക്കുക | ജൂലൈ 1-30 |
| | കേൾക്കാം പറയാം | ആഗസ്റ്റ് 5- ഡിസംബർ 30 |
| | അറബിക് ഡേ ദിനാചരണ<br>കാമ്പയ്ൻ | സെപ്തംബർ ഡിസംബർ |
| | മാഗസിൻ പ്രകാശനം | നവംബർ |
| | ദിനാചരണങ്ങൾ | ജൂൺ - ജനുവരി |

| അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - ഉറുദു | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| സ്കൂളിലെ ഉറുദു പഠിക്കുന്ന മുഴുവൻ വിദ്യാത്ഥികൾക്കും ഭാഷ ാ ശേഷിക്കു വേണ്ട പദങ്ങളും ആശയങ്ങളും ഉറപ്പിക്കുന്നതിനുള്ള ഭാഷ പഠനവുമായി ബന്ധപ്പെട്ട കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ സ്വായത്തമാക്കുക | പദനിർമ്മാണം വാക്ക് പയറ്റ് ചാർട്ടുകൾ ഷോർട്ട് ഫിലീം , വീഡിയോ വ്യാരി ഉറുദു നടപ്പിലാക്കൽ | ജൂൺ - സെപ്തം ബർ | എസ്.ആർ.ജി , പി.ടി.എ ഉറുദു ക്ലബ്ബ് | 500 |
| ഉറുദു വായിക്കാനും എഴുതാനും സാഹിത്യരചനകൾ നടത്താനുള്ള ശേഷി ഉറപ്പാക്കാം, കലാപരമായ കഴിവുകൾ കാര്യക്ഷമമായി അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക രചനാ ശേഷി വർദ്ധിപ്പിക്കുക | കയ്യെഴുത്ത് മാസിക നിർമ്മാണം, മൾട്ടിലാഗ്വേജ് മാഗസിൻ, പോസ്റ്റർ നിർമ്മാണം, സൾവ്വർ ക്വിസ്, കവിത, കഥാ,ഉപന്യാസ മത്സരം സംഘടിപ്പിക്കുക | ജൂലൈ- ഡിസംബർ | എസ്.ആർ.ജി , ഉറുദു ക്ലബ്ബ് | 200 |
| ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക, സർഗാത്മക രചനകൾ വികസപ്പിക്കുക | പോസ്റ്റർ രചനപരിശീലന പ്രവർത്തനങ്ങൾ, സംസ്ഥാന തല മത്സരങ്ങൾക്ക് പരിശീലനം | ദിനാചര ണങ്ങൾ അനു സരിച്ച് | എസ്.ആർ.ജി , ഉറുദു ക്ലബ്ബ് | 500 |
| പൊതുവിജ്ഞാനം വർദ്ധിപ്പിക്കുക | ക്ലാസ് തലത്തിലും സ്ക്കൂൾ തലത്തിലും എല്ലാവരെയും പങ്കെടുപ്പിച്ച് കൊണ്ട് ക്വിസ് മത്സരം, വായനാ മത്സരം നടത്തുക. ഇഖ്ബാൽ ഉറുദു ടാലന്റ് മീറ്റിന് വേണ്ട പരിശീലനം നൽക്കുക. പ്യാരി ഉറുദു അവതരണം | | എസ്.ആർ.ജി , ഉറുദു ക്ലബ്ബ് | 300 |



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിലെ ഭാഷപരമായ പിന്നോകാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്, LAP (Language Acquisition Programme) എന്ന പേരിലാണ് ഈ പദ്ധതി. | ഒരു വർഷം | ഇംഗ്ലീഷ് അധ്യാപകർ & Peer group |
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക | ഇംഗ്ലീഷ് സംസാരിക്കാൻ അവസരങ്ങൾ (Class room discussions, group discussions, etc) | ഒരു വർഷം | ഇംഗ്ലീഷ് അധ്യാപകർ Articulate (Platform for Enriching English Language) |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് (നാടകീകരണം, കവിതാലാപനം, സംവാദം...) അവസരമൊരുക്കുക | ഇംഗ്ലീഷ് തിയേറ്റർ, റോൾ പ്ലേ സ്കിറ്റുകൾ എന്നിവ സംഘടിപ്പിക്കുക (ഭാഷാ വികാസത്തോടൊപ്പം സാമൂഹിക മൂല്യങ്ങൾ (ഉദാ:- ലഹരിക്കെതിരായ മനോഭാവം, റോഡ് നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകത, തുടങ്ങിയവ) കുട്ടികളിൽ വളർത്താം | ഒരു വർഷം | ഇംഗ്ലീഷ് അധ്യാപകർ & English Club |
| സ്വതന്ത്രവായനയ്ക്കും എഴുത്തിനും സജ്ജരാക്കുക | ഇംഗ്ലീഷ് ദിനപ്രതം (The Hindu - Student's edition) വായിക്കാനുള്ള അവസരം നൽകുന്നു. ക്ലാസ് ലൈബ്രറി നവീകരണം.സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കൽ, ജന്മദിന പുസ്തകം, Reading Room സജ്ജീകരിക്കൽ, വായനയിൽ ICT സാധ്യതകൾ പരിചയപ്പെടുത്തൽ | ഒരു വർഷം | ഇംഗ്ലീഷ് അധ്യാപകർ & മറ്റ് അധ്യാപകർ |



| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് സാഹിത്യം ആസ്വദിക്കുന്നതിനും സർഗാത്മക രചനകൾ നടത്തുന്നതിനും ശേഷി വളർത്തുക. | ഇംഗ്ലീഷ് സിനിമകൾ കാണാനുള്ള അവസരം ഒരുക്കുക. ഇംഗ്ലീഷ് ഫെസ്റ്റ്, ഇംഗ്ലീഷ് ഡേ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുക, വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള ഇംഗ്ലീഷ് സാഹിത്യ ശില്പശാലകൾ നടത്തുക | ഒരു വർഷം | ഇംഗ്ലീഷ് അധ്യാപകർ എസ്.ആർ.ജി English Club & Articulate |
| സാങ്കേതികവിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക. | ഓൺലൈൻ പഠന ആപ്ലിക്കേഷനുകൾ ഓഡിയോ - വീഡിയോ (വിഷയവുമായി ബന്ധപ്പെട്ടത്) പ്രയോജനപ്പെടുത്തുക | ഒരു വർഷം | ഇംഗ്ലീഷ് അധ്യാപകർ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - ഹിന്ദി

## മേഖല - ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| തെറ്റുകൂടാതെ ഹിന്ദി എഴുതാനും വായിക്കാനും പ്രാപ്തരാക്കുന്നു | ചിത്രങ്ങൾ, കാർട്ടൂണുകൾ, പരിചിതമായ വാക്കുകൾ എന്നിവയിലൂടെ ഹിന്ദി ഭാഷയോട് മാനസികമായ അടുപ്പം വർദ്ധിപ്പിക്കുക.<br>അക്ഷര പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ജൂൺ ആദ്യ വാരം മുതൽ |
| ഹിന്ദി ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | കഥ വായന, കവിത വായന എന്നിവക്ക് അവസരം ഒരുക്കുന്നു. | ജൂലൈ |
| മാതൃ ഭാഷ പോലെ ഹിന്ദി നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുന്നു. | നോവലുകൾ, കഥ പുസ്തകങ്ങൾ എന്നിവ വായിക്കാനും ഹിന്ദി സിനിമ, കാണാനും അവസരമൊരുക്കുന്നു. ക്വിസ് മത്സരങ്ങൾ നടത്തുക. | സെപ്തംബർ |
| എഴുതുവാനുള്ള കഴിവ് വികസിപ്പിച്ചു | ക്ലാസ് തല കയ്യെഴുത്ത് മാസിക നിർമ്മിക്കുന്നു. ഏറ്റവും മികച്ചവക്ക് പ്രോത്സാഹനം നൽകുന്നു. | ഡിസംബർ |
| അറിവ് നേടുക | ഹിന്ദി ക്വിസുകൾ സംഘടിപ്പിക്കുന്നു | ജനുവരി |
| ദിനചരണങ്ങൾ | ഹിന്ദി ക്ലബിന്റെ നേതൃത്വത്തിൽ ദിനാചരണങ്ങളോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.<br>1. പ്രേംചന്ദ് ജയന്തി - ജൂലൈ 31<br>2. സ്വാതന്ത്ര്യ ദിനം - ആഗസ്ത് 15<br>3.റിപ്പബ്ലിക്ക് ദിനം - ജനുവരി 26<br>4. ഗാന്ധിജയന്തി - ഒക്ടോബർ 2<br>ഹിന്ദി ദിവസം - സെപ്തംബർ 14 | ജൂലൈ മുതൽ ഒക്ടോബർ വരെ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - സാമൂഹ്യ ശാസ്ത്രം
## മേഖല - ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) പഠിതാക്കളെ ചരിത്രാവ ബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും:** ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. **വയൽ കിളികൾ:** സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തിയ്യതികളിൽ | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ, സുമനസുകൾ |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടു ക്കുക. പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക | **ഒന്നായി നമ്മൾ:** സ്കൂൾ പാർലമെൻ്റ്, മോക്ക് പാർല മെൻ്റ്, പൗരബോധം സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. നിശ്ചയിച്ച തിയ്യതികളിൽ | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ, സുമനസുകൾ |
| 3) ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | **സ്റ്റാർട്ട് അപ്പ്:** സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീക രിക്കുന്നു. ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച്ച വെക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | പി.ടി.എ, മാനേ ജ്മെൻ്റ് |
| 4) മതേതരത്വം, സഹി ഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | **ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ:** സർവ്വേ പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവ യിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5) ഭൂപട വായന കുട്ടിക ളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം, കൈവരിക്കുക. | **പട്ടുപാതയിലൂടെ** ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു; ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | വർഷം മുഴുവനും | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 6) കുട്ടികളിൽ ഉന്നത നില വാരം കൈവരിക്കാൻ ഉത കുന്ന പൊതുവിജ്ഞാനം വളർത്തുക | **മൈ സിനിമ റൂം:** സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കു റിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 7) വ്യത്യസ്ത ഇനം മണ്ണി നെക്കുറിച്ചും, ജലാശയങ്ങ ളെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെ ടുക എന്ന ലക്ഷ്യം. | **ചരിത്ര കൊട്ടാരം:** വിവിധ മേഖലകളെക്കുറിച്ച് കുട്ടിക ളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹര മാക്കി മാറ്റുന്നു. | അക്കാദമിക വർഷം | സാമൂഹ്യ-ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - സയൻസ്

## മേഖല - ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **അത്ഭുത കണ്ണിലൂടെ** കൗതുകം, ജിജ്ഞാസ നിരീക്ഷണം പാടവം എന്നിവ പരിപോഷിക്കുക | **ലഘു പരീക്ഷണങ്ങൾ** സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ച് കൊടുക്കുവാൻ അവസരം നൽകു ന്നു മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യ ങ്ങൾ പറഞ്ഞ് കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | പാഠങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| | ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ |
| 2) **ശാസ്ത്ര ലോകത്തേക്ക്** നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു. | ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച് ത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതു വോദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽക്കുന്നു . | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| | ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം 1 തവണ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| 3) **ഹൈടെക് വേൾഡ്** മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക. | ക്ലാസുകളിൽ ശാസ്ത്ര ലൈബ്രറി, ശാസ്ത്ര മാസിക പ്രസിദ്ധീകരണം. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| | സയൻസ് ലാബ്, ഐ.ടി. ലാബ് എന്നിവ ആധുനിക വൽക്കരിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |
| 4) **ആയുർരേഖ** പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക. | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | പി.ടി.എ, മാനേജ്മെന്റ് |



| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) **വൈജ്ഞാനിക ബഹിർ സ്ഫുരണം** അന്വേഷണ തൃഷ്ണ വർദ്ധിപ്പിക്കൽ, നേരറിവ് നേടൽ | തണൽ വൃക്ഷങ്ങൾ നട്ട് പിടിപ്പിക്കൽ,ഉള്ള സൗകര്യത്തിൽ ഔഷധത്തോട്ടവും പച്ചക്കറി തോട്ടവും നിർമ്മിക്കൽ. | അക്കാദമിക വർഷം | സയൻസ് അധ്യാപകർ | കൃഷി വകുപ്പ്, ഹതിത സേന സീഡ് |
| | സമ്പൂർണ്ണ പ്ലാസ്റ്റിക്ക് നിരോധിത ക്യാമ്പസ് | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | കൃഷി വകുപ്പ്, ഹതിത സേന സീഡ് |
| | പുതുപുത്തൻ സാങ്കേതിക വിദ്യയും പുത്തൻ കണ്ടെത്തലുകളും പരിചയപ്പെടുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | കൃഷി വകുപ്പ്, ഹതിത സേന സീഡ് |
| | സംസ്ഥാന ദേശീയ തലത്തിലുള്ള ക്വിസ്, സെമിനാർ, പ്രോജക്ട് മുതലായവയിൽ പങ്കെടുക്കുന്നു | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് | രക്ഷിതാക്കൾ |
| | ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക വർഷം 1 തവണ | സയൻസ് ക്ലബ്ബ് | |

## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - സയൻസ്
### മേഖല - ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രീയ അറിവുകളുടെ നവീകരണം | പ്രതിമാസ സെമിനാർ സംവാദം | പൂർണ്ണവർഷം | ശാസ്ത്രാധ്യാപകർ |
| ശാസ്ത്രമോഡലുകൾ നിർമ്മിക്കാനുള്ള കഴിവ് വളർത്തൽ | ശാസ്ത്ര ശില്പശാല | ആഗസ്ത് | ശാസ്ത്രാധ്യാപകർ |
| ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള നൈപൂണി നേടൽ | ശാസ്ത്ര കോർണ്ണർ | പൂർണ്ണ വർഷം | ശാസ്ത്രാധ്യാപകർ |
| ശാസ്ത്രരീതികൾ പരിയയിക്കൽ | ഫീൽഡ് ട്രിപ്പ് | സെപ്തംബർ | ശാസ്ത്രാധ്യാപകർ |
| ആധുനിക കൃഷി രീതികൾ പരിചയപ്പെടൽ | ഫീൽഡ് ട്രിപ്പ് ഇന്റർവ്യൂ | നവംബർ | ശാസ്ത്രാധ്യാപകർ |
| ശാസ്ത്രകാരൻമാരുടെ നേട്ടങ്ങൾ പരിചയപ്പെടൽ | ദിനാചരണങ്ങൾ | പൂർണ്ണ വർഷം | ശാസ്ത്രാധ്യാപകർ |
| ജൈവ വൈവിധ്യ ബോധവൽക്കരണം | ഫീൽഡ് ട്രിപ്പ് ഇന്റർവ്യു | നവംബർ | ശാസ്ത്രാധ്യാപകർ |
| അന്ധവിശ്വസങ്ങളെ തുറന്നു കാണിക്കൽ | ശാസ്ത്ര ക്ലാസ് | ഡിസംബർ | റിസോഴ്സ് പേഴ്സൺ |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 - ഗണിതം
## മേഖല - ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത,ശില്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാൻഡ് |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | ഒരു ടേമിൽ ഒന്ന് | അധ്യാപകർ | പി.ടി.എ |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശില്പശാല നടത്തുന്നു ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിത ക്ലബ്ബ് | പി.ടി.എ |
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘ തലവൻ | |
| അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യാമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങ ളിലൂടെ ലക്ഷ്യം കൈവരിക്കുന്നു | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ, മുതിർന്ന അധ്യാപകർ | |
| ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ചസംഭാവനകൾ | ഗണിത ഗ്രാമം കുട്ടികൾ , കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ച കളിലും മറ്റ് അവധി ദിവസങ്ങ ളിലും | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ്, മാനേ ജ്മെന്റ് |
| ഗണിത മത്സ വേദിയിലേക്ക് മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി,ടി,എ | പി,ടി,എ |
| ഗണിത ലാബ് | ശിൽപശാലകളിലൂടെ ലാബിലേക്ക് ആവിശ്യമായ പഠന ഉപകരണങ്ങൾ | മെയ് - ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ, പി.ടി.എ | പി.ടി.എ |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽക്കുന്നു | എല്ലാ അധ്യാപകരും | അധ്യാപകർ, ഹെഡ്മാസ്റ്റർ, പി.ടി.എ പ്രസിഡണ്ട് | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
# ഇൻഫർമേഷൻ ടെക്നോളജി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| മലയാളം ടൈപ്പിംഗിൽ നൈപുണി നേടുക | കമ്പ്യൂട്ടർ ടൈപ്പിംഗിൽ പരിശീലനം നൽകുക | പൂർണ്ണ വർഷം | ഐ.ടി ക്ലബ്ബ് |
| ഡിജിറ്റൽ പോസ്റ്റർ നിർമ്മാണ പരിശീലനം | വിവിധ സോഫ്റ്റ് വെയർ ഉപയോഗിച്ച് പോസ്റ്റർ നിർമ്മാണ പരിപാലനം | ആഗസ്ത് | ഐ.ടി.ക്ലബ്ബ് |
| സൈബർ സുരക്ഷയെ പറ്റി ബോധവൽക്കരണം | സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസ് | സെപ്തംബർ | ഐ.ടി ക്ലബ്ബ് |
| ഡിജിറ്റൽ പെയിന്റിംഗിൽ നൈപുണി നേടുന്നു | ഡിജിറ്റൽ പെയിന്റിംഗ് പരിശീലനം | ഒക്ടോബർ | ലിറ്റിൽ കൈറ്റ്സ് |
| ആനിമേഷൻ നിർമ്മാണത്തിൽ നൈപുണി നേടുന്നു | ആനിമേഷൻ നിർമ്മാണ പരിശീലനം | നവംബർ | ലിറ്റിൽ കൈറ്റ്സ് |
| കമ്പ്യൂട്ടർ ഹാർഡ് വേർ തകരാറുകൾ പരിഹരിക്കുന്നതിന് | കമ്പ്യൂട്ടർ ഹാർഡ് വേർ പരിശീലനം | ഡിസംബർ | ഐ.ടി. ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
# Health & Physical Education

| SL. No | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | സ്ക്കൂളിലെ എല്ലാ കുട്ടികളെയും അസംബ്ലി ഫോർമേഷൻ പഠിപ്പിക്കുന്നു<br>Sub. ജൂനിയർ, ജൂനിയർ വിഭാഗം ആൺ കുട്ടികളുടെ ഫുട്ട്ബോൾ സെലക്ഷൻ നടത്തുന്നു.<br>Zumba Dance പരിശീലിപ്പിക്കുന്നു | ജൂൺ |
| 2 | ഓഗസ്ത് 15 മായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിപ്പിക്കുന്നു .<br>സബ്- ജൂനിയർ ,ജൂനിയർ പെൺകുട്ടികളുടെ ഫുട്ട്ബോൾ സെലക്ഷനും പരിശീലനവും.<br>Zumba Dance പരിശീലനം.<br>ആരോഗ്യ കായിക വിദ്യാഭ്യാസം ഒന്നാമത്തെ യൂണിറ്റ് പഠിപ്പിക്കുന്നു . | ജൂലൈ |
| 3 | സബ് - ജൂനിയർ,ജൂനിയർ വിഭാഗം കുട്ടികളുടെ ഷട്ടിൽ ബാഡ്മിന്റൻ സെലക്ഷൻ .<br>Zumba Dance കളിപ്പിക്കുന്നു<br>പാഠപുസ്തകത്തിലെ രണ്ടാമത്തെ യൂണിറ്റ് പഠിപ്പിക്കുന്നു . | ഓഗസ്ത് |
| 4 | സബ്-ജൂനിയർ, ജൂനിയർ വിഭാഗം പെൺകുട്ടികളുടെ ഷട്ടിൽ സെലക്ഷൻ നടത്തുന്നു, പരിശിലിപ്പിക്കുന്നു .<br>ആൺകുട്ടികളുടെ വേളിബോൾ ടീം സെലക്ഷനും, പരിശീലനവും.<br>Zumba Dance . | സെപ്റ്റംബർ |
| 5. | സ്ക്കൂൾ സ്പോട്സ് നടത്തുന്നു .<br>കായിക താരങ്ങളെ പരിശീലിപ്പിക്കുന്നു .<br>സബ്ജില്ല സ്പോട്സ്നായി കുട്ടികളെ ഒരുക്കുന്നു. | ഒക്ടോബർ |
| 6 | ആരോഗ്യകായികവിദ്യാഭ്യാസത്തിലെ 3 യൂണിറ്റ് പഠിപ്പിക്കുന്നു.<br>മാഷൽ ആട്സിന്റെ സെലക്ഷൻ നടത്തുന്നു .<br>ജില്ല, കായിക മേളയ്ക്ക് കുട്ടികളെ ഒരുക്കുന്നു .<br>Zumba Dance | നവംബർ |
| 7 | ആരോഗ്യ കായിക വിദ്യാഭ്യാസത്തിലെ 4 മത്തെ യൂണിറ്റ് പഠിപ്പിക്കുന്നു<br>Martins Arts മത്സരങ്ങൾക്കായി കുട്ടികളെ തയ്യാറാക്കുന്നു .<br>Zumba Dance നടത്തുന്നു | ഡിസംബർ |
| 8 | ആരോഗ്യ ശീലങ്ങളെ കുറിച്ച് ക്ലാസുകളിൽ പഠിപ്പിക്കുന്നു.<br>Frist aid നെ കുറിച്ച് പഠിപ്പിക്കുന്നു<br>വിവിധ മേളർ ഗെയിമുകളെ കുറിച്ച് അറിവ് കൊടുക്കുന്നു<br>Zumba Dance | ജനുവരി |
| 9 | പാഠപുസ്തകത്തിലെ 5 ാംമത്തെ യൂണിറ്റ് പഠിപ്പിക്കുന്നു<br>Minore Game കളിപ്പിക്കുന്നു.<br>Zumba Dance പരിശീലനം | ഫെബ്രുവരി |
| 10 | പഠിപ്പിച്ച എല്ലാ ഭാഗങ്ങളും റിവ്യൂ നടത്തുന്നു<br>Minore Game കൾ കളിപ്പിക്കുന്നു<br>Zumba Dance | മാർച്ച് |

# Academic Master Plan 2025-26
## Work Integrated Education
### School Wise activities

| Sl. No | Area | Activities | Implementa-tion | Finance | Period | Remarks |
|---|---|---|---|---|---|---|
| 1 | Cloth | Vegetable Printing | WIE Teacher | Students | 1Day June | |
| 2 | Entertainment | Paper Craft | WIE Teacher | Students | 1 Days July | |
| 3 | Entertainment | Beads Work | WIE Teacher | Students & WIE Teacher | 2 Days July | |
| 4 | Entertainment | Doll Making | WIE Teacher | PTA | 2 Days August | |
| 5 | Entertainment | Puppetry | WIE Teacher & Resource Person | WIE Teacher & Students | 1 Days August | |
| 6 | Cloth | Garment Marking | WIE Techer | Student | 1Day August | |
| 7 | Cloth | Fabric Painting | WIE Techer & Drawing Teacher | Student | 1 Day September | |
| 8 | Useful Materials | Hand Wash & Dishwash making | WIE Teacher & Mother PTA | Mother PTA | 1 Day October | |
| 9 | Useful Materials | Chalk Mak-ing | WIE Teacher | PTA | 1 Day October | Children Continue through-out the year |
| 10 | Waste Materials | Home Decorative Items | WIE Teacher | Students & WIE Teacher | 1 Day November | |
| 11 | Entertainment | Bottle Art | WIE Teacher | Students 1Day | 1Day December | |
| 12 | Useful Materials | Office file Making | WIE Teacher | PTA | 1 Day January | Children Continue Through-out the year |
| 13 | Useful Materials | Book bind-ing | WIE Teacher | PTA | 2 Days February | |
| 14 | Home | Electrical Wiring | WIE Teacher& Resource person | PTA | 3 Days | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26
## പ്രധാന നൂതന പദ്ധതികൾ

| ക്രമ നമ്പർ | പ്രോജക്ട് | കാലയളവ് | ചുമതല |
|---|---|---|---|
| 1 | ഫാസ്റ്റ് ഫുഡ്കളുടെ സ്വാധീനം കൗമാരക്കാരിൽ പ്രശ്നങ്ങളും, പരിഹാരങ്ങളും | മൂന്ന് മാസം | ജീവശാസ്ത്ര അധ്യാപകർ |
| 2 | ഫുഡ് ഫെസ്റ്റ് : പ്രദർശനവും വിവണനവും | ഓക്ടോബർ മാസം | ജീവശാസ്ത്ര അധ്യാപകർ |
| 3 | ചിത്രകലാ ക്യാമ്പ് | | ചിത്രകലാധ്യാപകർ |
| 4 | ഫീൽഡ് ട്രിപ്പ് : പ്ലാനിറ്റേറിയം, കാപ്പാട് ബീച്ച്, ജാനകിക്കാട് ഡാം സന്ദർശനം , ആറളം ഫാം , പരിസ്ഥിതി പഠന ക്യാമ്പ് | | |
| 5 | നാടകക്കളരി | ആഗസ്ത് | ഭാഷാധ്യാപകർ |
| 6 | ശാസ്ത്ര ശില്പശാല | സെപ്തംബർ | ശാസ്ത്രാധ്യാപകർ |
| 7 | ലഹരിക്കെതിരെയുള്ള ബോധവൽക്കരണം മാജിക്കിലൂടെ | ഡിസംബർ | ക്ലബ്ബുകൾ |
| 8 | പ്രഥമ ശുശ്രൂഷ പരിശീലനം | ജനുവരി | ജീവശാസ്ത്ര അധ്യാപകർ |
| 9 | തനത് പദ്ധതികളുടെ പ്രവർത്തനം ' ഇടം ' ക്ലബ്ബ് കൺവീനർമാർ | ഒരു വർഷം | ആർട്ടികുലേറ്റ് |





# G H S S കുറ്റ്യാടി
## സമഗ്ര വിദ്യാഭ്യാസ പദ്ധതി
## 2025 –26

# ഒപ്പം

# ആമുഖം

ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ്. പക്ഷേ പുതിയ കാലത്തിനുതകുന്ന പഠനശേഷികൾ സ്വായത്തമാക്കുവാൻ കഴിയാതെ പിൻതള്ള പ്പെടുന്ന അനവധി കുട്ടികൾ വിദ്യാലയങ്ങളിൽ ഉണ്ട്.വ്യത്യസ്ത കഴിവുകളും അഭിരുചികളുമുള്ള ഇത്തരം കുട്ടികളുടെ ആത്മ വിശ്വാസവും പഠനാന്തരീക്ഷവും മെച്ചപ്പെടുത്താൻ സമഗ്രമായ ആസൂത്രണവും പിന്തുണാ സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്. അക്കാദമികവും, സാമൂഹികവും വൈകാരികവുമായ സമ്മർദ്ദ ങ്ങൾ ലഘൂകരിച്ച് കൊണ്ട് പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുകയും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ചുകൊണ്ട് പഠന പങ്കാളിത്തവും വ്യക്തിത്വവികാസവും ഉറപ്പുവരുത്തുന്ന കർമ്മ പദ്ധതിയാണ് ഒപ്പം.

## ലക്ഷ്യങ്ങൾ

1. കൗമാരസംഘർഷങ്ങൾ ലഘൂകരിച്ച് ആരോഗ്യകരമായ ശീലങ്ങളും,ജീവിത നൈപുണികളും സ്വായത്തമാക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തമാക്കുക.
2. ക്രിയാത്മകവും ആസ്വാദ്യകരവുമായ പ്രവർത്തനങ്ങളിലൂടെ പഠനവിടവ് നികത്തുക.
3. വിവിധ രീതികളിൽ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പ്രത്യേക പിന്തുണ നൽകി വിദ്യാലയ പ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാക്കുക.
4. വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ശാക്തീകരണ പരിശീലനങ്ങൾ നൽകി പരിമിതികൾ മറികടക്കാൻ അവരെ പ്രാപ്തമാക്കുക.
5. കൗമാരം ക്രിയാത്മകമായി മാറുവാൻ ജൈവ വൈവിധ്യ ഉദ്യാനം കൃഷി കലാ കായിക പ്രവർത്തനങ്ങൾ തുടങ്ങിവയിലെ പങ്കാളിത്തം ഉറപ്പാക്കുക.

# ആസൂത്രണം

1. ജൂൺ രണ്ടാംവാരത്തിൽ Evaluation/Assessment test ലൂടെ പഠന പിന്നോക്ക ക്കാരായ വിദ്യാർത്ഥികളെ കണ്ടെത്തുന്നു.
2. വീടറിയാം കുട്ടിയെ അറിയാം ഫോർമാറ്റ് വിതരണം ചെയ്യുന്നു.
3. പ്രശ്ന വിശകലനം, സർവ്വേ, അഭിമുഖം. ഗൃഹസന്ദർശനം എന്നിവയിലൂടെ ഫോർമറ്റ് പിന്നോക്കാവസ്ഥയുടെ കാരണ ങ്ങൾ കണ്ടെത്തുന്നു. .
4. റിസോഴ്സ് ടീം കമ്മിറ്റി ചേരുന്നു. (അധ്യാപകർ, സന്നദ്ധരായ വിദ്യാർത്ഥികൾ, റിസോഴ്സ് ടീച്ചർ, കൗൺസിലർ തുടങ്ങിയ വരുടെ സമിതി)
5. പഠന/പിന്തുണാ മോഡ്യൂൾ തയ്യാറാക്കുന്നു.വിദ്യാഭ്യാസ വകു ഷിന്റെ ശ്രദ്ധ പദ്ധതിയുമായി സഹകരിക്കുന്നു.
6. സമയ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള തയ്യാറെടുപ്പ് നടത്തുന്നു.
7. ഒപ്പം പദ്ധതിക്കായി റിസോഴ്സ് റൂം തയ്യാറാക്കുന്നു.കുട്ടിക ളുടെ മികവുകൾ. പോർട്ട്ഫോളിയോ പ്രദർശിപ്പിക്കാൻ വേദി യൊരുക്കുന്നു.
8. ജൂലൈ മാസം തന്നെ രക്ഷിതാക്കളുടെ മീറ്റിംഗ് വിളിക്കുന്നു. Mother's forum രൂപീകരക്കുന്നു.കൃത്യമായ ഇടവേളകളിൽ രക്ഷാർത്യ ശാക്തീകരണ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു.
9. ദിനാചരണങ്ങൾ.സ്കൂൾ മേളകൾ തുടങ്ങിയവയിലെ പങ്കാളി ത്തം ഉറപ്പു വരുത്തുന്ന ആക്റ്റിവിറ്റി കലണ്ടർ തയ്യാറാക്കുന്നു.
10. പ്രതികൂല സാഹചര്യങ്ങളിൽ നിന്ന് വരുന്ന കട്ടികൾക്ക് മുൻഗ ണന നൽകിക്കൊണ്ട് എല്ലാ ഗൃഹസന്ദർശനവും ആഗസ്തിൽ പൂർത്തിയാക്കുന്നു.
11. പൂന്തോട്ട പരിപാലനം, കൃഷി, വിദ്യാലയ ശുചിത്വം തുടങ്ങിയ വയുമായി ബന്ധപ്പെട്ട ചുമതലകൾ നൽകുന്നു.
12. പഞ്ചായത്ത്, ബി.ആർ.സി തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഈ പദ്ധതി നടപ്പിലാക്കാനും മെച്ചപ്പെടുത്താനു മുള്ള സാഹചര്യം ലഭ്യമാക്കുന്നു.
13. കൃത്യമായ ഇടവേളകളിൽ വിദ്യാർത്ഥികളിലെ അനുകൂലമായ മാറ്റങ്ങൾ വിലയിരുത്തി രേഖപ്പെടുത്തുന്നു.
14. പത്താം ക്ലാസിലെ വളരെ പിന്നോക്കക്കാരായ/തോൽക്കാൻ സാധ്യതയുള്ള വിദ്യാർത്ഥികളെക്കൂടി ഒപ്പം പദ്ധതിയുടെ ഭാഗ മാക്കാൻ അനുവാദം തേടുന്നു.

# പ്രവർത്തനങ്ങൾ

സമയ പരിധി 200 മണിക്കൂർ (ജൂൺ മുതൽ ഫിബ്രവരി വരെ)

പ്രവൃത്തി ദിവസങ്ങളിൽ 100 മണിക്കുർ, ഒഴിവു ദിവസങ്ങളിൽ 100 മണിക്കുർ ലഭ്യമാകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നു.

1. തെരഞ്ഞെടുപ്പ് - Evaluation Test
2. റിഴോസ്സ് ഗ്രൂപ്പ് രൂപീകരണം
3. മോഡ്യൂൾ നിർമ്മാണം
4. പ്രവർത്തന കലണ്ടർ തയ്യാറാക്കൽ
5. രാവിലെയും വൈകീട്ടുമായി പ്രവൃത്തി ദിവസങ്ങളിലും (9am to 10 pm, 4 pm to 5 pm) അവധി ദിവസങ്ങളിൽ 9.30 മുതൽ 12.30 വരെയുമായി ക്ലാസുകൾ, ശിൽപ്പശാലകൾ മറ്റു പ്രവർത്തനങ്ങൾ ഇവയിലൂടെ മോഡ്യൂൾ ആക്റ്റിവിറ്റി കലണ്ടർ പ്രകാരം വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
6. മാസത്തിൽ നടക്കുന്ന വിലയിരുത്തലിലൂടെ പഠന പുരോഗതി നിരീക്ഷിക്കുന്നു.വേണ്ട മാറ്റങ്ങൾ മെച്ചപ്പെടുത്തലുകൾ ഇവ കൂട്ടിച്ചേർക്കുന്നു.
7. രക്ഷാകർതൃ ശാക്തീകരണത്തിനായി വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തുന്നു.
8. സ്കൂളിലെ ദൈനം ദിന പ്രവർത്തനങ്ങളിലും മേളകളിലും കുട്ടികളുടെ പങ്കാളിത്തവും പുരോഗതിയും ഉറപ്പുവരുത്തുന്നു.
9. അസംബ്ലികളിൽ പുരസ്കാരങ്ങൾ /അനുമോദനങ്ങൾ ഇവ ലഭ്യമാക്കുന്നു.
10. എല്ലാ പ്രവർത്തനങ്ങളും ഡോക്യമെന്റ് ചെയ്യുന്നു

# നേട്ടങ്ങൾ

- അക്കാദമിക മികവിനൊപ്പം വ്യക്തിത്വ വികാസവും കൈവരിക്കുന്നു.
- ആത്മവിശ്വാസവും ക്രിയാത്മകതയും കൊണ്ട് കൗമാര സംഘർഷങ്ങളും പഠന പിന്നോക്കാവസ്ഥയും പരിഹരിക്കുന്നു.
- ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഓരോ കുട്ടിക്കും ലഭ്യമാക്കി വിദ്യാലയത്തിന്റെ മികവ് ഉറപ്പു വരുത്തുന്നു.




# Articulate

The Samagra Siksha Keralam Helping Hand-Learning Enrichment Programme is a comprehensive initiative designed to enhance the English language and communication skills of students at GHSS KUTTIADI. This programme aims to equip students with the necessary tools and resources to excel in their academic and professional pursuits.

| BASIC DATA | |
|---|---|
| Name of the School | GHSS Kuttiadi |
| BRC | Kunnummal |
| Name of the SRG Convenor | Zainaba M |
| Name of the Programme Co-Ordinator | Haris K |
| Name of the H.M | Vandhana N |
| Total Number of Students | 1965 |

